**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 445** **11-08-2021 - ൽ മറുപടിയ്ക്ക്**

**തോക്ക് ഉപയോഗിച്ചുള്ള കൊലപാതകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എ . പി . അനിൽ കുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പാശ്ചാത്യ രാജ്യങ്ങളിൽ മാത്രം സംഭവിക്കാറുള്ള തോക്ക് ഉപയോഗിച്ചുള്ള കൊലപാതകം സംസ്ഥാനത്ത് ഉണ്ടാകുന്ന സാഹചര്യം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കോതമംഗലത്ത് ഡെന്റൽ കോളേജ് വിദ്യാർത്ഥിനിയായിരുന്ന മാനസയെ രാഖിൽ എന്ന യുവാവ് വെടിവെച്ചുകൊന്ന സംഭവത്തിൽ തോക്കിന്റെ ഉറവിടം കണ്ടെത്താൻ പോലീസിന് സാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | ഉണ്ട്. പ്രസ്തുത കേസിലെ കുറ്റ കൃത്യത്തിനായി ഉപയോഗിച്ച തോക്ക് പ്രതിയായ രാഖിൽ ബീഹാറിൽ നിന്നും വാങ്ങിയതാണെന്ന് സുഹൃത്ത് ആദിത്യൻ മൊഴി നൽകിയതിനെ തുടർന്ന് അന്വേഷണ സംഘം ബീഹാറിലെത്തി രാഖിലിന് തോക്ക് നൽകിയ സോനുകുമാർ മോദി, ഇക്കാര്യത്തിന് ഇടനിലക്കാരനായി പ്രവർത്തിച്ച Manish Kumar, എന്നിവരെ അറസ്റ്റ് ചെയ്ത് 08.07.2021 തീയതി കേരളത്തിലെത്തിച്ച് ഊർജ്ജിതമായ അന്വേഷണം തുടർന്നു വരുന്നു. |
| (സി) | സംസ്ഥാനത്ത് ഓൺലൈൻ പോർട്ടലുകൾ, ഡാർക്ക് വെബ് തുടങ്ങിയവയിൽ നിന്നും അനധികൃതമായി തോക്കുകൾ വാങ്ങുവാൻ സാധിക്കും എന്നത് വസ്തുതയാണോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ പോലീസിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | തോക്കുകൾ, നിരോധിത ലഹരി പദാർത്ഥങ്ങൾ എന്നിവ വിൽക്കുന്ന ടെലഗ്രാം ചാനലുകൾ, ഡാർക്ക് വെബ് സൈറ്റുകൾ എന്നിവ പ്രവർത്തിക്കുന്നതായി ഹൈടെക് ക്രൈം എൻക്വയറി സെല്ലിന്റെയും സൈബർ ഡോമിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സോഷ്യൽ മീഡിയ ആപ്ലിക്കേഷനുകൾ വഴി തോക്കുകൾ വിൽപന നടത്തുന്നതായിട്ടുള്ള മെസേജുകളും പരസ്യങ്ങളും മറ്റും നൽകി വരുന്നതായി കാണപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയിൽ ഒന്നും തന്നെ തോക്കുകൾ കേരളത്തിൽ ഡെലിവറി ചെയ്തിട്ടുള്ളതായോ പ്രസ്തുത സോഷ്യൽ മീഡിയ ആപ്ലിക്കേഷനുകൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതായോ കണ്ടെത്തിയിട്ടില്ല. മറ്റ് സ്ഥലങ്ങളിലുള്ള ഇത്തരം സൈറ്റുകളിലൂടെ തോക്കുകൾ വിൽപ്പനയ്ക്ക് വച്ചിരിക്കുന്നതായി അവകാശപ്പെടുന്നുണ്ടെങ്കിലും ഇതിനു വേണ്ട ട്രാൻസാക്ഷൻ, വെർച്വൽ കറൻസിയായിട്ടാണ് സൈറ്റുകളിൽ ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ |

| | | | |
|---|---|---|---|
| | | | ഇന്ത്യയിൽ ഇത്തരത്തിലുള്ള വെർച്വൽ കറൻസി ട്രാൻസാക്ഷനുകൾ നിയമ വിധേയമല്ലാത്തതിനാൽ ഇത്തരത്തിൽ പണം നൽകി ഇവർ അവകാശപ്പെടുന്നതുപോലെ തോക്കുകൾ ലഭ്യമാകും എന്നതിന് തെളിവുകളൊന്നും ലഭിച്ചിട്ടില്ല. ഇത്തരത്തിലുള്ള സൈറ്റുകളിൽ അവരുടെ യാതൊരു വിശദാംശങ്ങളും നൽകിയിട്ടില്ലാത്തതുമാണ്. ഇത്തരത്തിലുള്ള വെബ് സൈറ്റുകൾ ഹൈടെക് സെല്ലിന്റെയും സൈബർ സെല്ലിന്റെയും സഹായത്തോടെ നിരീക്ഷണം നടത്തി വരുന്നു. ഇത് സംബന്ധിച്ചുള്ള പരാതികളൊന്നും പോലീസിന് ലഭിച്ചിട്ടില്ല. |
| (ഡി) | സംസ്ഥാനത്ത് തോക്കിന് ലൈസൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ? | (ഡി) | Arms Act, 1959/Arms Rules, 2016 പ്രകാരം തോക്കിന് ലൈസൻസ് അനുവദിക്കുന്നതിന് ജില്ലാ ഭരണാധികാരികൾക്കാണ് അധികാരം. സ്പോർട്ട്സ്, സ്വയരക്ഷ, കൃഷി സംരക്ഷണം തുടങ്ങിയ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനാണ് തോക്ക് ലൈസൻസ് അനുവദിച്ചുവരുന്നത്. തോക്ക് ലൈസൻസ് അനുവദിക്കു ന്നതിനായി ജില്ലാ കളക്ടർമാർക്ക് ലഭിക്കുന്ന അപേക്ഷകളിന്മേൽ പരിശോധന നടത്തി റിപ്പോർട്ടിനായി അതാത് ജില്ലാ പോലീസ് മേധാവികൾക്ക് അയച്ചുകൊടുക്കുകയും അപേക്ഷകന്റെ ക്രിമിനൽ പശ്ചാത്തലം, തോക്ക് കൈകാര്യം ചെയ്യുന്നതിലെ പ്രാവീണ്യം, ലൈസൻസിന്റെ ആവശ്യകത എന്നിവ അന്വേഷണം നടത്തി ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഭരണകൂടമാണ് തോക്ക് ലൈസൻസ് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ